"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ തൊഴിലാളികളുടെ 01/07/2017 മുതൽ പ്രാബല്യത്തിലുള്ള ദീർഘകാല ശമ്പള കരാർ - പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്തയ്ക്ക് പതിനാറാം ദീർഘകാല കരാർ ആരംഭിക്കുന്ന 01.07.2017 മുതൽ മുൻകാല പ്രാബല്യം നൽകി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(ജി) വകുപ്പ്

സ.ഉ.(കൈ) നം.28/2024/ID തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:- 1. 21/02/2023- ലെ സ. ഉ.(എം.എസ്) 15/2023/ID നമ്പർ സർക്കാർ ഉത്തരവ്.

2. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 27/02/2023 ലെ FIT/MDO/LTA/2022-23/2438 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമേഖലാ സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ തൊഴിലാളികളുടെ ദീർഘകാല ശമ്പള കരാർ 01/07/2017 മുതൽ പ്രാബല്യത്തിൽ അംഗീകരിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. മേൽ സർക്കാർ ഉത്തരവിലെ പൊതുനിബന്ധന(2) പ്രകാരം ക്ഷാമബത്ത ഉൾപ്പടെയുള്ള എല്ലാ അലവൻസുകൾക്കും ഉത്തരവ് തീയതി മുതലേ പ്രാബല്യം ഉണ്ടായിരിക്കുള്ളൂ എന്ന് നിഷ്കർഷിച്ചിരുന്നു.

2. ടി സർക്കാർ ഉത്തരവിൽ, പുതുക്കിയ ക്ഷാമബത്ത ഉൾപ്പടെ എല്ലാ അലവൻസുകൾക്കും 01-07-2017 മുതൽ മുൻകാലപ്രാബല്യം നൽകണമെന്നും അതോടൊപ്പം മാനേജ്മെന്റ് സമർപ്പിച്ച ശമ്പള സ്കെയിൽ അതേപടി അംഗീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് ഭേദഗതി വരുത്തണമെന്നും ഫോറസ്ററ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സൂചന (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ തൊഴിലാളികളുടെ 01/07/2017 മുതൽ പ്രാബല്യത്തിലുള്ള ദീർഘകാല ശമ്പള കരാർ അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സൂചന(1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ പൊതുനിബന്ധന (2), ചുവടെ ചേർക്കും വിധം തിരുത്തി, ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്തയ്ക്ക് പതിനാറാം ദീർഘകാല കരാർ ആരംഭിക്കുന്ന 01.07.2017 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്."



File No. IND-G2/371/2019-IND (Computer No. 1369507)

Generated from eOffice by SHEFEEK A S, ASST (G2) IND, ASST (G2) IND, INDUSTRIES on 06/06/2024 02:57 PM

4. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിങ് ഡയറക്ടർ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ.
മെമ്പർ സെക്രട്ടറി ,ബോർഡ് ഫോർ പബ്ലിക്ക് സെക്ടർ ട്രാൻസ്ഫോർമേഷൻ,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ എസ് എ / ജി&എസ് എസ് ഐ),തൃശ്ശൂർ.
ഇൻഫോർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻ (വെ&ന്യൂ മീഡിയ ) വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ്
ധനകാര്യ(പി.യു.ഡി) വകുപ്പ് (vide E-84058/PU-D2/37/2015-FIN Dtd 25-08-2023)
ആസൂത്രണ സാമ്പത്തികകാര്യ (BPE) വകുപ്പ് (Vide PLGEA BPE 1 / 141 / 2021 / PLGEA dtd 15 -09 -2022 )
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shabna N
സെക്ഷൻ ഓഫീസർ
Date: 06-06-2024 14:43:39

പകർപ്പ് :
വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്



File No. IND-G2/371/2019-IND (Computer No. 1369507)
Generated from eOffice by SHEFEEK A S, ASST (G2) IND, ASST (G2) IND, INDUSTRIES on 06/06/2024 02:57 PM

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2024

ഫയൽ നം. 371/ജി2/2019/വ്യവ. ഇനം നം: 2197

വിഷയം : വ്യവസായ വകുപ്പ് - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക 01/07/2017 മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | 371/G2/2019/ID |
| 2. | Department | : | Industries (G) Department |
| 3. | Subject | : | Industries Department – Sanction of Dearness Allowance arrears to the employees of Forest Industries (Travancore) Limited with retrospective effect from 01/07/2017. |
| 4. | Date of Chief Minister's Order for placing before the Council | : | 14/05/2024 |
| 5. | i. Does the case involves financial commitments/Implications<br>ii. If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br>: | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Smt.Preetha Kumari.L.P |
| 8. | Name of Principal Secretary who approved the Draft Note | : | Shri. A P M Mohammed Hanish |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 28/05/2024 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.Venu.V |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 31/05/2024 |
| 12. | Name of Minister who approved the Draft Note | : | Shri.P.Rajeeve |
| 13. | Date of approval of the Draft Note for the Council by the Minister | : | 31/05/2024 |
| 14. | Date of submission of fair copies | : | 01/06/2024 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of Government Order/letter communicating the decision | : | |

## Note for Council of Ministers

This note pertains to the sanction of Dearness Allowance arrears to the employees of Forest Industries (Travancore) Ltd with retrospective effect from 01/07/2017.

2) As per GO(Ms) 15/2023/ID dated 21.02.2023, orders were issued approving the 16th Long Term Agreement for the employees of FIT for a period of 5 years from 01-07-2017 to 30-06-2022. The Managing Director of Forest Industries (Travancore) Limited has requested that the revised Dearness Allowance and all allowances should be given with retrospective effect from 01/07/2017 and the government order shall be amended by accepting the same salary scale submitted by the management. As the Government Order contains the following issues which are very detrimental to the workers, MD has also requested to make necessary amendments to the Order.

i.All allowances including Dearness Allowance will be effective only from the date of Order. In the 15th Long Term Agreement this was except for Dearness Allowance.

ii. Service Weightage is reduced from Rs. 60 to Rs. 22

iii. Disallowed the demanded ad-hoc amount of Rs. 500/-

3) When file was forwarded to Finance Department for remarks, that dept opined as follows:

" ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിലെ തൊഴിലാളികളുടെ ദീർഘകാല കരാർ പുതുക്കിയത് ശമ്പള-അലവൻസിനത്തിലെ ആകെ വർദ്ധനവ്

25% ആയി നിജപ്പെടുത്തിയാണ്. ആയതിനെ അടിസ്ഥാനമാക്കിയാണ് സർവീസ് വെയിറ്റേജ് 22 രൂപയാക്കി നിജപ്പെടുത്തിയത്. കൂടാതെ, അഡ്ഹോക്ക് ആയി ആവശ്യപ്പെട്ട 500 രൂപ മുൻ ശമ്പള പരിഷ്ക്കരണത്തിൽ അനുവദിച്ചിരുന്നില്ല എന്നതിനാലാണ് ടി ആനുകൂല്യം അനുവദിക്കാതിരുന്നത്. മാത്രമല്ല, മാനേജ്മെന്റ് സമർപ്പിച്ച ശമ്പള സ്കെയിൽ മുൻ ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചതിനേക്കാൾ ഏകദേശം 5 മടങ്ങിലധികം കൂടുതലായിരുന്നു. ആയതിനാൽ ശുപാർശ ചെയ്തിരിക്കുന്ന ശമ്പള സ്കെയിലുകൾ യുക്തിസഹമായി പുനഃക്രമീകരിച്ച് സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് എഫ്.ഐ.റ്റി മാനേജിംഗ് ഡയറക്ടർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ശമ്പള സ്കെയിലുകൾ ഉൾപ്പെടുത്തിയ ശമ്പള പരിഷ്ക്കരണം അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ശമ്പള സ്കെയിലുകളിൽ ഇനിയും മാറ്റം വരുത്തേണ്ട ആവശ്യമില്ല.

എന്നാൽ, മുൻ ശമ്പള പരിഷ്ക്കരണ ഉത്തരവുകളിൽ ക്ഷാമബത്തയ്ക്ക് മുൻ കാല പ്രാബല്യം അനുവദിച്ചു നൽകിയിട്ടുള്ളതിനാൽ, 21.02.2023- ലെ ഉത്തരവിലെ 'ക്ഷാമബത്തയ്ക്ക് ഉത്തരവ് തീയതി മുതലേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ' എന്ന വ്യവസ്ഥ തിരുത്തി പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്തയ്ക്ക് 16-ാം ദീർഘകാല കരാർ ആരംഭിക്കുന്ന 01.07.2017 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. എന്നാൽ മുൻ ശമ്പള പരിഷ്ക്കരണ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടുള്ള, ക്ഷാമബത്ത ഒഴികെയുള്ള എല്ലാ അലവൻസുകൾക്കും ഉത്തരവ് തീയതി മുതലേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന ആവശ്യം പരിഗണിക്കാനാവുകയില്ല എന്നും അറിയിക്കുന്നു.

ഇതിന് ബഹു :ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് "

4) When the date of revision takes effect from the date of Order, the employees will be denied the benefits, including allowances due from 2017, for about six years. The employees of Forest Industries Limited are getting limited salary even after the pay revision. Considering these facts, when the file was again forwarded to Finance Dept for sanctioning House Rent Allowance and City Compensatory Allowance with effect from the date of pay revision, in addition to the Dearness Allowance Arrear approved by Finance Dept, as stipulated in the agreement signed by the management with the workers, that department remarked as follows:

" കാലാകാലങ്ങളിൽ അനുവദിക്കുന്ന ശമ്പള പരിഷ്ക്കരണ ഉത്തരവുകളിൽ ക്ഷാമബത്ത ഒഴികെയുള്ള എല്ലാ അലവൻസുകൾക്കും ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതി മുതൽക്കാണ് പ്രാബല്യം നൽകി വരുന്നത്. ക്ഷാമബത്ത ഒഴികെയുള്ള അലവൻസുകൾക്ക് മുൻകാലപ്രാബല്യം നൽകാറില്ല. കൂടാതെ 01-03-2016 ലെ G.O(MS)No. 12/2016/ID ഉത്തരവ് പ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് മുൻ ശമ്പള പരിഷ്ക്കരണം അനുവദിച്ച വേളയിലും വ്യവസ്ഥ 2 മുഖേന "ക്ഷാമബത്ത ഒഴികെയുള്ള എല്ലാ അലവൻസുകൾക്കും ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതി മുതൽക്കാണ് പ്രാബല്യം" എന്നാണ് നിഷ്കർഷിച്ചിരുന്നത്. ആയതിനാൽ 21.02.2023 ലെ GO(Ms)No.15/2023/ID ഉത്തരവ് പ്രകാരം അനുവദിച്ച ശമ്പള പരിഷ്ക്കരണത്തിലെ വീട്ട് വാടക അലവൻസ്, സിറ്റി കോമ്പൻസേറ്ററി അലവൻസ് എന്നിവയ്ക്കുകൂടി ശമ്പള പരിഷ്കരണ തീയതി മുതൽ പ്രാബല്യം അനുവദിച്ചു നൽകണമെന്ന ആവശ്യം പരിഗണിക്കുവാൻ സാധിക്കുകയില്ല എന്നും, ധനകാര്യ വകുപ്പ് 28.04.2023 നു നല്കിയ മറുപടിയിൽ ഉറച്ചുനിൽക്കുന്നതായും ഭരണവകുപ്പിനെ അറിയിക്കുന്നു."

5) When file was circulated to Hon'ble Chief Minister through Hon'ble Minister (Industries) for orders on whether an amendment order may be issued as opined by Finance Department that the Dearness Allowance arrears due from 01/07/2017 to the employees of Forest Industries (Travancore) Ltd shall have retrospective effect from 01/07/2017 on which the 16 th Long Term Agreement commences,Hon'ble Chief Minister ordered to place the matter before the Council of Ministers.

## Point for decision

Whether the orders issued vide G.O(Ms)15/2023/ID dated 21/02/2023-approving 16th Long Term Agreement for the employees of Forest Industries Travancore Limited-may be modified as follows:

1)The DA at the revised rate shall have retrospective effect from 01/07/2017 on which the 16th Long Term Agreement starts.